കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. സംസ്ഥാനത്ത് ജൈവകൃഷി പരിശീലിപ്പിക്കുവാനും വ്യാപകമാക്കുവാനും കൃഷി വകുപ്പിന്റെ "ജൈവകൃഷി പ്രോൽസാഹിപ്പിക്കൽ" എന്ന പദ്ധതി നടപ്പു സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി കർഷകർക്കായി 200 പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. 8000 കർഷകർക്കുള്ള ഈ പരിശീലനത്തിനായി 14 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ, കൃഷി വകുപ്പുദ്യോഗസ്ഥന്മാർക്കുള്ള പരിശീലന പരിപാടിക്കും ജൈവ കൃഷി വ്യാപനത്തിന് എല്ലാ ജില്ലകളിലും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുമായി 17 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൃഷി വകുപ്പിന്റെ ജൈവകൃഷി പ്രോൽസാഹിപ്പിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി 8000 കർഷകരെ പരിശീലിപ്പിച്ചുവരുന്നു. ഇതിന് 14 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. കൂടാതെ കൃഷി വകുപ്പുദ്യോഗസ്ഥന്മാർക്ക് 10 പരിശീലന പരിപാടികളും നടത്തുന്നുണ്ട്. ജൈവകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാതല സെമിനാറുകൾ സംഘടിപ്പിക്കുന്നതിനായി 17 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2002-03 വർഷം മുതലാണ് ജൈവ കൃഷിക്കായുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നത്. 2002-03-ൽ 37.30 ലക്ഷം രൂപയും 2003-04-ൽ 56.33 ലക്ഷം രൂപയും ചെലവാക്കി. കൃഷി വകുപ്പിന്റെ കീഴിൽ ജൈവകൃഷിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി വയനാട് ജില്ലയിൽ "ഓർഗാനിക് ഫാമിംഗ് സെൽ" പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ഡി) ഇതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

(ഇ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് ഗാസിയാബാദിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചുവെന്നും എന്നിരുന്നാലും കേരളം ഉൾപ്പെടെയുള്ള തെക്കൻ സംസ്ഥാനങ്ങളിലെ ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ബാംഗ്ലൂരിലുള്ള റീജിയണൽ ബയോഫെർട്ടിലൈസർ ഡവലപ്മെന്റ് സെന്റർ റീജിയണൽ ഓർഗാനിക് ഫാമിംഗ് സെന്ററായി മാറ്റുമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

3 [*321] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലയേറിയ കീടനാശിനികളുടെയും മറ്റും ഉപയോഗം കാരണം കാർഷിക ചെലവുകൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ കീടനാശിനികളുടെയും രാസവളങ്ങളുടെയും ഉപയോഗം കുറച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) കർഷകന്റെ വരുമാനത്തിനൊപ്പം ഉപഭോക്താവിന്റെ ആരോഗ്യ സുരക്ഷയും കണക്കിലെടുത്ത് ജൈവകൃഷി രീതികൾ വ്യാപകമാക്കാൻ പ്രചരണം നൽകുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പു സാമ്പത്തികവർഷം 100 ലക്ഷം രൂപ വകയിരുത്തി ജൈവകൃഷി പ്രോത്സാഹനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) കൃഷി വകുപ്പ് ജൈവ കൃഷി രീതികൾ വ്യാപകമാക്കുന്നതിനായി കർഷകർക്ക് പരിശീലനവും സെമിനാറുകളും എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, കീടനാശിനി വിമുക്തമായ ഒരു കാർഷികോൽപ്പാദന രീതി നേടിയെടുക്കാൻ പരിസ്ഥിതിക്കും നമ്മുടെ ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ ജൈവ കൃഷിയുടെ ആവശ്യകത കൃഷി ശാസ്ത്രജ്ഞന്മാർ പ്രാധാന്യം നൽകി വരുന്ന ഒരു കാര്യമാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓർഗാനിക് അഗ്രിക്കൾച്ചർ മുഖേന എന്തെല്ലാം സഹായങ്ങളും സേവനങ്ങളുമാണ് കൃഷിക്കാർക്ക് ഇന്ന് ലഭിച്ചുവരുന്നതെന്ന് അറിയിക്കാമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഇപ്പോൾ പറഞ്ഞത് സെൻട്രൽ ഗവൺമെന്റിന്റെ സ്കീമാണ്. ഉത്തർപ്രദേശിലാണ് അതിന്റെ ആദ്യത്തെ പ്രത്യേകമായ രാജ്യവ്യാപകമായ ഇൻസ്റ്റിറ്റ്യൂട്ട്. രണ്ടാമത്തേത് ബാംഗ്ലൂരിൽ റീജിയണൽ ആയി നടത്താം എന്നു പറഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും സഹായധനം ചെയ്യുന്നതായ സ്കീമുകൾ ഇതാണ്. ഇപ്പോൾ സംസ്ഥാന ബഡ്ജറ്റിലാണ് പണം വകയിരുത്തിയിരിക്കുന്നത്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: ഇതു സംബന്ധിച്ച് ദേശീയ തലത്തിൽ ഉള്ളതുപോലെ കേരളത്തിലും സ്ഥാപിക്കുന്നതിന് അതിന്റെ പശ്ചാത്തല സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും കേരള സർക്കാർ നൽകുന്നതിനെക്കുറിച്ച് ഡോക്ടർ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആ നിലയിൽ ഇതുമായി ബന്ധപ്പെട്ട ഒരു സ്ഥാപനം കേരളത്തിന് സ്വന്തമായി നേടിയെടുക്കുന്നതിനുവേണ്ടി കേരള സർക്കാർ എന്തെങ്കിലും പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തെങ്കിലും സമ്മർദ്ദം ചെലുത്തി അത്തരം സ്ഥാപനം നേടിയെടുക്കാൻ സർക്കാർ പരിശ്രമിച്ചിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ജൈവ ഇൻസ്റ്റിറ്റ്യൂട്ട് ഇൻഡ്യയിൽ നടത്താൻ പോകുന്നു എന്നുപറഞ്ഞപ്പോൾ തന്നെ സംസ്ഥാന ഗവൺമെന്റ് കേരളത്തിന്റേത് കൃഷി പ്രധാനമായും perennial crops ആണെന്നും, ഈ പ്രത്യേകതവച്ച് എക്സ്പോർട്ട് ചെയ്യുന്ന പ്രത്യേക സാധനങ്ങളുള്ളതുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനം കേരളത്തിൽ തുടങ്ങണമെന്നും കേന്ദ്ര ഗവൺമെന്റിന്റെ കയറ്റുമതിക്ക് ഇത് സഹായകരമാകുമെന്നും കേന്ദ്രത്തിന് എഴുതിയതാണ്. കേന്ദ്ര ഗവൺമെന്റ് തന്ന മറുപടിയാണ് ഉത്തർ പ്രദേശിന് നേരത്തെ ഇത് കൊടുത്തുപോയി എന്ന്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ജൈവ കൃഷി നടത്തുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ചെയ്യുന്നതിനും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും കാർഷിക സർവ്വകലാശാലയുടെ വിദഗ്ദ്ധർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാർ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാർ, കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാർ, ദേശീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാർ ഇവരെല്ലാവരും കൂടിച്ചേർന്ന് ഒരു കോൺഫറൻസ് വയനാട്ടിൽ നടത്തി നടപടികളെടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ളത് ഇത്ര പണം എന്ന നിലയിൽ തന്നിട്ടില്ല.

ശ്രീ. മത്തായി ചാക്കോ : ജൈവ വൈവിധ്യത്തിന്റെ കാര്യത്തിൽ, bio diversity-യുടെ കാര്യത്തിൽ കേരളത്തിന്റെ മണ്ണ് ഏറ്റവും നല്ലതാണെന്ന് രാജ്യം മുഴുവൻ അംഗീകരിച്ചിട്ടുള്ളതാണ്. പക്ഷേ ഇതിന്റെ നേട്ടങ്ങൾ എല്ലാം കൊണ്ടുപോകുന്നത് കർണ്ണാടക സംസ്ഥാനവും, കർണ്ണാടക ഗവണ്മെന്റുമാണ്. റീജിയണൽ കേന്ദ്രം അവർ ബാംഗ്ലൂരിൽ കൊണ്ടുപോയി. ഇവിടത്തെ കാർഷിക വകുപ്പ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ ചുണ്ടിക്കാണിച്ചതുപോലെ സെമിനാറുകൾക്ക് കുറെ പൈസ കെട്ടിവച്ചു. അതിനൊക്കെ ജെ. എസ്. എസ്. കാരാണ് വലിയ ബാഡ്ജ് കുത്തി പലയിടത്തും കാർഷിക സെമിനാറുകളിൽ കാണുന്നത്. .....* (ബഹളം) ..... മറ്റ് കാർഷികോൽപ്പന്നങ്ങളേക്കാൾ വിദേശ വിപണിയിൽ ജൈവ കാർഷികോൽപ്പന്നങ്ങൾക്ക് വലിയ മാർക്കറ്റുണ്ട് എന്നുള്ളതുകൊണ്ട് ഈ ജൈവ ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം സർട്ടിഫിക്കേഷൻ അത് കർണ്ണാടക ഗവണ്മെന്റുതന്നെ കൊടുക്കുന്നുണ്ട്. ഇത് ജൈവ കൃഷിയുടെ ഭാഗമായി ഉണ്ടാക്കിയ ഉൽപ്പന്നമാണെന്ന് സർട്ടിഫൈ ചെയ്യാൻ എന്തെങ്കിലും സംവിധാനം കേരളത്തിൽ കൃഷി വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീമതി കെ. ആർ ഗൗരിയമ്മ : സർ, നേരത്തെ മെമ്പർ പറഞ്ഞത് കേരളത്തിലെ സ്ഥാപനങ്ങൾക്ക് കേന്ദ്ര ധനസഹായം കിട്ടുന്നില്ലെന്നാണ്. അത് ഇപ്പോഴല്ല, നിങ്ങളുടെ ഭരണ കാലത്താണ്. ഞാൻ പറഞ്ഞത് സെമിനാറിന്റെ കാര്യമല്ല. ഇൻസ്റ്റിറ്റ്യൂട്ട് ഇവിടെ തരണമെന്നാവശ്യപ്പെട്ട് പല പ്രാവശ്യം എഴുതിയിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഉത്തർപ്രദേശിലാണ്. ഇപ്പോൾ മാത്രമല്ല നിങ്ങളുടെ ഭരണകാലത്തും ഒന്നും കിട്ടിയില്ല. യു. പി.എ. ഗവൺമെന്റ് വന്നതിനുശേഷം മാറിവരുന്നു. ജെ.എസ്.എസ്. കാർ ബാഡ്ജ് കുത്തിയെങ്കിൽ അതു തെറ്റാണോ ? അവരും കൃഷിക്കാരാണ്. നിങ്ങൾ നിസ്സഹകരിച്ചു. എന്നാൽ കോഴിക്കോട് ജില്ലാ ഭരണകൂടം ഇതിൽ സഹകരിച്ചു. കേരളത്തിലെ കൃഷി പ്രത്യേക തരം കൃഷിയാണെന്നും നമ്മുടേത് പെരണിയൽ ക്രോപ്സ് ആണെന്നും എക്സ്പോർട്ട് ചെയ്യുന്നതും വിദേശനാണ്യം ക്രമീകരിക്കുന്നതുമാണെന്നും അതുകൊണ്ട് മറ്റ് കൃഷികൾക്ക് കൊടുക്കുന്നതായിട്ടുള്ള സഹായധനം കൊടുത്താൽ പോരെന്നും ഈ ഗവണ്മെന്റ് അപേക്ഷിക്കുകയും അതിന് വേണ്ടിയുള്ള പ്രോജക്റ്റുകൾ കൊടുത്തതിന്റെയൊക്കെ ഫലമായിട്ടാണ് കുറെയെങ്കിലും പൈസ ഇപ്പോൾ കിട്ടി തുടങ്ങിയത്. ഇതിന് മുൻപ് കിട്ടിയിട്ടില്ല. വെറുതെ ആരോപണം പറഞ്ഞിട്ട് കാര്യമില്ല. അതുകൊണ്ട് പറയാതെയിരിക്കുകയാണ് നല്ലത്. നിയമസഭയിൽ ഈ വക സംഗതികൾ മോശമാണ്. സർട്ടിഫിക്കേഷന് വേണ്ട നടപടികൾ ഇവിടത്തെ ഗവണ്മെന്റും എടുത്തു കഴിഞ്ഞിട്ടുണ്ട്. ചിലർക്ക് സർട്ടിഫിക്കേഷന് ലൈസൻസ് കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : സർ, ഉത്തരാഞ്ചൽ സംസ്ഥാനത്തിൽ ബയോ വില്ലേജസ് (ജൈവ ഗ്രാമങ്ങൾ) തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. കൃഷി നടത്തുന്ന ആളുകൾക്ക് വിള ഇൻഷ്വറൻസ്, അതുപോലെത്തന്നെ ഉൽപ്പന്നങ്ങൾ സംസ്ക്കരിക്കാനും, പാക്കേജ് ചെയ്യാനുമുള്ള സംവിധാനങ്ങളുള്ള ജൈവ ഗ്രാമങ്ങൾ (ബയോ വില്ലേജസ്) ഉത്തരാഞ്ചലിൽ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ബയോ വില്ലേജസ് കേരളത്തിൽ തുടങ്ങുന്നതിനാവശ്യമായിട്ടുള്ള നടപടികൾ, ഈ നീക്കി വച്ചിരിക്കുന്ന പൈസയിൽ നിന്ന് ദുരുപയോഗപ്പെടുത്താതെ, ഇത്തരം സംരംഭങ്ങൾക്ക് വേണ്ടി പ്രയോജനപ്പെടുത്തുമോ ?

ശ്രീമതി കെ. ആർ ഗൗരിയമ്മ : ഇവിടെ ഈ ഗവൺമെന്റ് അറിഞ്ഞ് പണം ദുരുപയോഗപ്പെടുത്തുന്നതല്ല. സർ, ചില നിയമങ്ങൾക്ക് വിധേയമായി കേന്ദ്ര ഗവണ്മെന്റ് ഒരു നിയമം, ഗൈഡ്ലൈൻസ് പോലെ ഇഷ്യൂ ചെയ്തിട്ടുണ്ട്. ആ ഗൈഡ് ലൈൻസ് നടപ്പിലാക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടികൾ എടുത്തിട്ടുണ്ട്. Codex Ailimentarious എന്നു പറഞ്ഞുകൊണ്ട് അതിന്റെതായിട്ടുള്ള ഗൈഡ്ലൈൻസ് പ്രിപ്പെയർ ചെയ്തിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ ഇവിടെയും എടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ടി. കെ. ബാലൻ : സർ, 2002-2003-ലാണ് ഈ പദ്ധതി ആരംഭിച്ചത്. 8000 കൃഷിക്കാർക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. ഇപ്പോൾ ഈ സാമ്പത്തിക വർഷം തീരാറായി. എത്ര കൃഷിക്കാർക്ക് ജൈവകൃഷിയിൽ ഇതേവരെ പരിശീലനം കൊടുത്തിട്ടുണ്ട് ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇതുവരെ ഇതിന് 78.10 ലക്ഷം രൂപ ചെലവാക്കി. 1500 ഹെക്ടർ സ്ഥലത്ത്, വയനാട്, ഇടുക്കി, കണ്ണൂർ, എന്നീ ജില്ലകളിൽ കുരുമുളക് പദ്ധതി നടപ്പിലാക്കിവരുന്നു. 100 ഹെക്ടർ സ്ഥലത്ത് ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ജൈവ കൃഷിയിൽ ശീതകാല പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ പരിശീലനം നൽകി വരുന്നു. ഇതിനായി 10 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ ജൈവ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്നതിന് 5.25 ലക്ഷം രൂപയും, നെല്ലിന്റെ പൊക്കാളി കൃഷി നടപ്പിലാക്കുന്നതിന് 100 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. .....(ബഹളം).....എത്ര കൃഷിക്കാർക്ക് പരിശീലനം കിട്ടിയെന്നു പറയുവാൻ പ്രത്യേക നോട്ടീസ് വേണം. അതിന് നോട്ടീസ് വേണം. അതിന് റിക്കാർഡ് കയ്യിലില്ല.....ബഹളം.....

ശ്രീ. ടി. കെ. ബാലൻ : ജൈവ കൃഷി പോലെതന്നെ ഈ മേഖലയിൽ പ്രധാനമായ മറ്റൊരു കാര്യം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ചൈനയിലൊക്കെ ടെക്സ്റ്റൈൽ മേഖലയിൽ കളർ കോട്ടൺ ഉപയോഗിക്കുന്നുണ്ട്. ചുവപ്പ് നൂല് വേണമെങ്കിൽ ചുവപ്പ് കോട്ടൺ തന്നെ ബയോ ടെക്നോളജിയുടെ അനന്ത സാധ്യതകളുപയോഗിച്ച് ഉൽപ്പാദിപ്പിക്കുകയാണ്. കെമിക്കൽസ് ആയിട്ടുള്ള ഡൈ ഉപയോഗിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ കേരളത്തിലും ഈ രൂപത്തിലുള്ള Handloom പ്രോൽസാഹിക്കുന്നപോലെ തന്നെ ബയോ ടെക്നോളജിയുടെ സാദ്ധ്യത ഉപയോഗിച്ചുകൊണ്ട് കളർ കോട്ടൺ ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് നമ്മുടെ ഗവണ്മെന്റ് ഏതെങ്കിലും തരത്തിലുള്ള ഒരു പദ്ധതിയെപ്പറ്റി ആലോചിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, ഞാൻ ചൈനയിൽ ഇപ്പോൾ പോയിട്ടില്ല. 1986-ൽ പോയതാണ്. അതുകൊണ്ട് അതിനെപ്പറ്റി ഒരു വിവരവുമില്ല. ഏതായാലും ബയോ ടെക്നോളജി വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ നമ്മൾ എടുക്കുന്നുണ്ട്. അതിന് പ്രത്യേകമായ കോഴ്സുകൾ തുടങ്ങിയിട്ടുണ്ട്. മെമ്പർ പറഞ്ഞ കോട്ടൺ ഉല്പാദിപ്പിക്കാൻ പരീക്ഷണത്തിനു സയൻസ് ആന്റ് ടെക്നോളജി വകുപ്പിനോട് ആവശ്യപ്പെടാം.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, കൃഷിക്കാർ തന്നെ രാസവള പ്രയോഗത്തിലുണ്ടാക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഏറ്റവും അപകടകരമാണെന്ന് വിശ്വസിക്കുന്നവരാണ്. കൃഷിക്കാരുടെ ഒരു യോഗത്തിൽ എനിക്ക് പങ്കെടുക്കേണ്ടി വന്നപ്പോൾ അവിടെയെല്ലാപേർക്കും നേന്ത്രപ്പഴം വിതരണം ചെയ്യുകയുണ്ടായി. സ്റ്റേജിൽ ഇത് സംഘടിപ്പിച്ച കൃഷിക്കാരുടെ നേതാക്കന്മാർ ഒന്നും തന്നെ കഴിച്ചില്ല. എന്തുകൊണ്ടാണ് കഴിക്കാത്തത് എന്നു ചോദിച്ചപ്പോൾ അവർ പറഞ്ഞത് രാസവളത്തിൽ ഉണ്ടാക്കിയ നേന്ത്രപ്പഴമാണ്, ഞങ്ങളുടെ ആരോഗ്യമാണ് പ്രധാനപ്പെട്ടത് എന്നാണ്. ഇത് ഏറ്റവും അപകടം പിടിച്ചതാണെന്ന് കൃഷിക്കാർക്ക് തന്നെ ബോദ്ധ്യമുണ്ട്. അതുകൊണ്ട് ലാഭം ലക്ഷ്യമാക്കിക്കൊണ്ട് ആകർഷകവും, വലിപ്പമുള്ളതുമായ നല്ല വിളവ് ഉണ്ടാക്കുന്നതിന് വേണ്ടി ജനങ്ങളുടെ ആരോഗ്യം കണക്കിലെടുക്കാതെ അമിതമായി രാസവള പ്രയോഗത്തിലൂടെ വെറും കച്ചവടതാൽപ്പര്യത്തോടുകൂടി ഉൽപ്പാദനം നടത്തുന്ന ഇന്നത്തെ അവസ്ഥയിൽ ജൈവകൃഷിയിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഇപ്പോൾ എന്തെങ്കിലും സംവിധാനം എടുത്തിട്ടുണ്ടോ ? പാശ്ചാത്യ രാജ്യങ്ങളിലെപോലെ organic bazar വ്യാപകമാക്കാനും മിതമായ വിലയ്ക്ക് സാധാരണക്കാർക്ക് നല്ല ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വേണ്ട സംവിധാനം ഒരുക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, നമ്മുടെ സംസ്ഥാനത്ത് 2002-03 ലാണ് ജൈവകൃഷി തുടങ്ങിയത്. അല്ലാതെ ഒറ്റദിവസം കൊണ്ടോ, 3,4,5 കൊല്ലം കൊണ്ടോ നമ്മുടെ സംസ്ഥാനത്ത് മുഴുവൻ ജൈവകൃഷിയാക്കാൻ പറ്റില്ല. സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നത് വിൽക്കാനാണ്. ജൈവ കൃഷി ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില കിട്ടുന്നുണ്ട്. കുറഞ്ഞതാണെന്ന് പറയരുത്; കൂടുതൽ കിട്ടുന്നുണ്ട്. കൃഷിക്കാരൻ കൃഷി ചെയ്യുന്നുണ്ട്. അതിന് വേണ്ട നടപടികൾ എടുക്കുന്നുണ്ട്. ജൈവ കൃഷിയിൽ ഉല്പാദിപ്പിക്കുന്നതു മാത്രമേ ആളുകൾ കഴിക്കൂ എന്ന് ശഠിച്ചാൽ ഒറ്റ ദിവസം കൊണ്ട് നടക്കുകയില്ല. കാർഷിക ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നത് കൃഷിക്കാരാണ്. എന്നിരുന്നാലും നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നത് പോലെ echo shop - കൾക്കും ഗവൺമെന്റ് ധനസഹായം ചെയ്യുന്നുണ്ട്. എന്നാൽ ജൈവകൃഷിക്ക് ആദ്യകാലം നമ്മളാഗ്രഹിക്കുന്ന പ്രൊഡക്റ്റിവിറ്റി ഇല്ല.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, organic bazar ആരംഭിക്കാമോ എന്നതാണ് എന്റെ ആദ്യത്തെ ചോദ്യം. രണ്ടാമത്തെ ചോദ്യം ലോക മാർക്കറ്റിൽ ജൈവ ഉൽപ്പന്നങ്ങൾക്ക് ഏറെ പ്രീയമാണ്. ഈ സാഹചര്യത്തിൽ കയറ്റുമതിക്ക് ഏറെ സാധ്യതകളാണ് ഉയർന്നു വരുന്നത്. ജൈവ കൃഷികൾ സ്വീകരിക്കുന്നതിന് വേണ്ടി കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും എന്തെങ്കിലും സംവിധാനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ചോദ്യം രണ്ടിലും ഇത്രയും ഇവിടെ പറഞ്ഞത് ജൈവകൃഷി പ്രോൽസാഹിപ്പിക്കാനാണ്. കൃഷിക്ക് ഇന്നത്തെ നിലയിൽ ആവശ്യത്തിനുള്ള ധനസഹായം തരുന്നതിനുവേണ്ടി Agro Export Zone പ്രകാരം ഉള്ള നടപടികളുണ്ട്. അതിന് പ്രത്യേകമായ വിധത്തിൽ, ജൈവകൃഷിക്ക് ഗവൺമെന്റ് സഹായം കൊടുക്കുന്നത് ഇതിനും കൊടുക്കാം, ജൈവ ഉല്പന്നങ്ങൾക്ക് വിലക്കൂടുതലാണ്. മുഴുവൻ ജൈവ കൃഷി ഉടൻ തുടങ്ങിയാൽ അതനുസരിച്ചു മാർക്കറ്റില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ജൈവകൃഷി വ്യാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇവിടെ വളരെ വിശദമായി സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഒരു മെമ്പർ തന്നെ പഴം, പച്ചക്കറി തുടങ്ങിയവ വിശ്വസിച്ച് കഴിക്കാൻ പാടില്ലെന്നുള്ള കാര്യം ഇവിടെ സൂചിപ്പിച്ചു. ഇതുസംബന്ധിച്ച് ചില പഠന റിപ്പോർട്ടുകൾ തന്നെ പുറത്തുവരികയുണ്ടായി. എല്ലാ സാധനങ്ങളിലും അമിതമായ രാസവളത്തിന്റെയും കീടനാശിനിയുടേയും പ്രയോഗം കാരണം വിഷാംശം കലർന്നിരിക്കുന്നു എന്നുള്ള പഠനങ്ങൾ റിപ്പോർട്ടിൽ വരികയുണ്ടായി. ഇപ്പോൾ ഇതിന്റെ ആവശ്യകത വളരെയേറെ വിളിച്ചറിയിക്കുകയാണ്. രാസവളം ഉപയോഗിക്കുകയും കീടനാശിനിയൊക്കെ അമിതമായി ഉപയോഗിച്ച് കൂടുതൽ ഉല്പാദനം നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ പെട്ടെന്ന് ജൈവകൃഷിയിലേക്ക് മാറുമ്പോൾ അതിനനുസരിച്ചുള്ള ഉല്പാദനക്കുറവുണ്ടാകുന്ന ഒരു സാഹചര്യമുണ്ടാകുന്നു. പലപ്പോഴും കർഷകർ ഈ മാർഗ്ഗം അവലംബിക്കുന്നതിന്റെ കാരണം അതാണ്. അതുകൊണ്ട് ഈ മാറ്റമുണ്ടാകുമ്പോൾ, ജൈവകൃഷിയിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന ഉല്പാദനക്കുറവിന്റെ അടിസ്ഥാനത്തിൽ നഷ്ടമുണ്ടാകുന്നു. അതുകൊണ്ട് ഇത് കൂടുതൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അവർക്ക് സബ്സിഡി കൊടുക്കാനും കർഷകർക്ക് ആവശ്യമായ പരിശീലനം കൊടുക്കാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ജൈവകൃഷിക്ക് 100 ലക്ഷം രൂപ ധനസഹായം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ അതിന് പ്രൊവിഷനും വച്ചിട്ടുണ്ട്. ജൈവകൃഷിയിലേക്ക് കൃഷിക്കാർ മുഴുവൻ മാറണമെങ്കിൽ അവന്റെ ഉല്പന്നങ്ങൾ വിറ്റഴിക്കണം. ജൈവകൃഷി ആദ്യം വിളവു കുറവും ചിലവുകൂടുതലുമാണ്. ആളുകൾ പറയുന്നതുപോലെ ഉടനെ കൃഷിയിലേയ്ക്ക് diversion വരികയാണ്. നമുക്കാവശ്യമുള്ള ജൈവകൃഷി ഉല്പന്നങ്ങൾ വിറ്റുതരുന്നതിനുള്ള ഓർഡറുകൾ വേണം. ഇന്ന് കുറുമുളകുണ്ടാക്കി നമ്മൾ കയറ്റി അയയ്ക്കുന്നുണ്ട്. അതിൽ എതിരഭിപ്രായമുള്ളവരുമുണ്ട്. ഞങ്ങൾ ഒരു പ്രോജക്ടിന്റെ കാര്യം സിബാക്കോയോടു പറഞ്ഞപ്പോൾ അവർ പറഞ്ഞത് ജൈവളർപ്പന്നങ്ങൾക്ക് വലിയ മാർക്കറ്റായില്ല; ഇന്നത്തെ മാർക്കറ്റ് കുറവാണെന്നാണ്. ആ വിധത്തിലാണ് ആ പ്രോജക്ട് എടുക്കുന്നത്. സാവകാശം ഉദ്യോഗസ്ഥ ട്രെയിനിംഗ്, കൃഷിക്കാരുടെ ട്രെയിനിംഗ്, കൃഷി സഹായം മാർക്കറ്റു ഇത് ഒന്നിച്ചു പോകണം. അഭിപ്രായവ്യത്യാസങ്ങളൊക്കെയുള്ളതാണെങ്കിലും ഈ കൃഷിക്കാരെ സഹായിക്കാൻ 100 ലക്ഷം രൂപ ഈ കൊല്ലം വകയിരുത്തിയിട്ടുണ്ട്. പതിയെപ്പതിയെ കൃഷിക്കാരനെ പ്രോത്സാഹിപ്പിച്ച് ജൈവകൃഷിയിലേക്ക് ആകർഷിക്കാൻ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെതന്നെ ജൈവകൃഷി ആദ്യം തുടങ്ങുമ്പോൾ

അതിന്റെ വിളവ് കുറവായിരിക്കും. അത് മണ്ണ് adapt ചെയ്യണം. മണ്ണും വെള്ളവുമാണ് കൃഷിക്ക് പ്രധാനം. മണ്ണ് adapt ചെയ്യുന്നതിന് ഒരു കാലപരിധിയുണ്ട്. രണ്ടുമൂന്ന് കൊല്ലത്തിനുശേഷമാണ് ജൈവകൃഷി അതിന്റെ ഉല്പാദന പരിപൂർണ്ണതയിൽ എത്തുന്ന പ്രൊഡക്ഷൻ കിട്ടുകയുള്ളൂ. അതുകൊണ്ട് ആ കാലഘട്ടത്തിൽ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടിയാണ് ഈ ബഡ്ജറ്റിൽ തുക വച്ചിട്ടുള്ളത്. ഇതുമാത്രമല്ല അത് വിൽക്കുന്ന ആളുകൾക്ക് സഹായം കൊടുക്കുന്നുണ്ട്. അതുപോലെതന്നെ മറ്റുള്ള ഏതൊക്കെ വിധത്തിൽ സഹായം കൊടുക്കാൻ സാധിക്കുന്നോ ആ വിധത്തിൽ ഗവൺമെന്റിന്റെ പരിമിതിയിൽ നിന്നുകൊണ്ട് സഹായം ചെയ്യുന്നുണ്ട്. ഒരു പുതിയ കൃഷിരീതിയിലേക്കുള്ള മാറ്റമാണ്. അതിനുവേണ്ടിയുള്ള നടപടികൾ എടുത്തുവരുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ജൈവകൃഷിക്ക് ISO Certification കിട്ടിയിട്ടുള്ള ഫാമുകൾ കേരളത്തിലുണ്ടോ ഉണ്ടെങ്കിൽ അത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ജൈവകൃഷിക്ക് ISO Certification കിട്ടിയിട്ടുണ്ട്. ഇടുക്കിയിലുണ്ട്. അതിന്റെ പേര് ഞാൻ മറന്നുപോയി. അതിന് വേറെ നോട്ടീസ് തരണം. എറണാകുളത്തുണ്ട്.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, രാസവള പ്രയോഗത്തിന്റെ ദുഷ്യവശങ്ങൾ നമ്മുടെ നാട്ടിലെ ആളുകളെ പ്രത്യേകം പഠിപ്പിക്കേണ്ട കാര്യമില്ല. എങ്കിലും ഇപ്പോഴും രാസവളപ്രയോഗമാണ് പല ദിക്കുകളിലും അവർ കൈകാര്യം ചെയ്യുന്നത്. കാരണം മറ്റൊന്നുമല്ല, ആവശ്യത്തിനുള്ള ജൈവവളം കിട്ടാൻ വിഷമമാണ്. അതുകൊണ്ട് ജൈവവളം കൂടുതൽ ഉല്പാദിപ്പിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റി നാട്ടുകാരെ പഠിപ്പിക്കുകയും അതിന് പച്ചില നട്ടുവളർത്തുകയും പശുക്കളെ വളർത്തുകയുമൊക്കെ ചെയ്യണം. ഇന്നിപ്പോൾ എല്ലാവരും വാങ്ങുന്ന പാലാണ് ഉപയോഗിക്കുന്നത്. എവിടെനിന്നും കിട്ടുന്നുവെന്ന് അറിയില്ല. വാങ്ങുന്ന പാൽ അല്ലാതെ പശുവിനെ കറക്കുന്ന പാൽ നമുക്കാർക്കും കിട്ടുന്നില്ല. നമ്മൾ അത്രമാത്രം സുഖലോലുപന്മാരായി മാറിയതുകൊണ്ട് എല്ലാം നമുക്ക് നഷ്ടപ്പെട്ടു. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ജൈവവളം കൂടുതൽ ഉണ്ടാക്കാനുള്ള ഏർപ്പാടുകളെപ്പറ്റി കൃഷിക്കാരെ പഠിപ്പിക്കണം. ..... (ബഹളം).....ഞങ്ങളാരും ഇന്നും രാസവളം ഉപയോഗിക്കുന്നില്ല. ഇന്നും പശുക്കളെ വളർത്തുന്നവരാണ്. എല്ലാവരും മോഡേൺ ജീവിതത്തിലേക്ക് പോയി സാധനങ്ങൾ വാങ്ങിക്കഴിക്കുകയാണ്. ഡിപ്പാർട്ടുമെന്റിൽ നിന്നും ഇപ്പോൾ കൃഷിക്കാർക്ക് വിതരണം ചെയ്യാൻവേണ്ടി ജൈവവളം വാങ്ങുന്നുണ്ട്. അത് ടെണ്ടർ വ്യവസ്ഥയിലാണോ അതോ കിട്ടുന്ന സ്ഥലത്തുനിന്നും വാങ്ങുകയാണോ എന്നുള്ളത് പരിശോധിക്കണമെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. ഡിപ്പാർട്ടുമെന്റിൽ നിന്നും കൃഷിക്കാർക്ക് ജൈവവളം കൊടുക്കുന്നുണ്ട്. അത് ഉദ്യോഗസ്ഥന്മാർ അവരുടെ ഇഷ്ടമനുസരിച്ച് കിട്ടാവുന്ന സ്ഥലങ്ങളിൽ നിന്നും വിലയ്ക്ക് വാങ്ങുന്നു. അത്തരം ചെറിയ രാസവളപ്രയോഗമുണ്ട്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഈ ഗവൺമെന്റ് വന്നതിനുശേഷം കൃഷി വകുപ്പ് വളംവാങ്ങി വിതരണം ചെയ്യുന്ന ഇടപാട് വേണ്ടെന്നുവച്ചു. വളം വാങ്ങുന്നതിന് കൃഷിക്കാരൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ പറഞ്ഞു. ഇത്ര രൂപയ്ക്ക് വളം വാങ്ങുന്നതിന് സർട്ടിഫിക്കറ്റ് കൊടുക്കാനാണ് പറഞ്ഞിരിക്കുന്നത്. അത് കൃഷിക്കാരന് ഇഷ്ടമുള്ള സ്ഥലത്തുനിന്നും വാങ്ങിയിട്ട് അതിന്റെ രസീത് കൊണ്ടുവന്ന് കൊടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പണം കൊടുക്കും. അതാണ് ഗവൺമെന്റ് കൊടുത്തിരിക്കുന്ന നിർദ്ദേശം. പിന്നെ തെങ്ങിന് വളം വാങ്ങി വിതരണം ചെയ്യുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റേയും അതുപോലെതന്നെ നാളികേര മിഷന്റേയുമൊക്കെ അടിസ്ഥാനത്തിൽ അവർതന്നെ പണംകൊടുത്ത് കിറ്റ് ആയി വാങ്ങി വിതരണം ചെയ്യുന്നുണ്ട്. അതാണ് ഇന്ന് നേരിട്ട് വിതരണം ചെയ്യുന്നത്. ജൈവകൃഷിയുടേത് നേരിട്ട് വിതരണം ചെയ്യാതെ കൃഷിവകുപ്പ് വാങ്ങുന്നുണ്ടോയെന്നുള്ളത് പ്രത്യേകം ചോദിച്ചാൽ അത് അന്വേഷിച്ച് വിവരം അറിയിക്കാം. ഉദ്യോഗസ്ഥർ ചെയ്യുന്നു എന്നു മെമ്പർ പറഞ്ഞതിനെ സംബന്ധിച്ചു നോക്കാം.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ജൈവവളത്തെപ്പറ്റി എത്ര പുകഴ്ത്തിപ്പറഞ്ഞാലും നമുക്ക് സാധനങ്ങൾ കിട്ടാൻ പറ്റിയില്ലെങ്കിൽ രാസവളത്തിലേക്ക് മനുഷ്യൻ പോകും. രാസവള പ്രയോഗംകൊണ്ട് നമ്മുടെ മണ്ണെല്ലാം കരിമണലായി മാറിയിരിക്കുകയാണ്. അത് പഴയ മണ്ണാക്കി മാറ്റിയെടുക്കാനുള്ള പ്രയോഗമാണ് ആദ്യം ചെയ്യേണ്ടത്. ഇതിന് മറ്റു സംസ്ഥാനങ്ങളിൽ എന്താണ് ചെയ്യുന്നതെന്ന് അവരുമായി സഹകരിച്ച് ആലോചിച്ചാൽ, തമിഴ്നാട്ടിലും കർണാടകയിലുമൊക്കെ ജൈവവളം കൂടുതൽ ഉപയോഗിക്കുന്നു. അതിന് എങ്ങനെയാണ് അവർക്ക് കഴിയുന്നത് എന്നുള്ളത് മറ്റു സംസ്ഥാനങ്ങളുമായി ആലോചിച്ച് ആ വിവരം നമുക്ക് കൃഷിക്കാരെ അറിയിച്ചാൽ തരക്കേടില്ലായിരുന്നു.

ശ്രീമതി കെ. ആർ ഗൗരിയമ്മ: ഇപ്പോൾ തിരുവനന്തപുരത്ത് നഗരത്തിൽ ഒരു നാട്ടിൻപുറം എന്ന ഒരു സ്കീം നടപ്പിലാക്കുന്നുണ്ട്. ചപ്പുചവറുകളും മറ്റും ഉപയോഗിച്ച് ജൈവകൃഷി ചെയ്യുന്നതിനുള്ള ഒരു സമ്പ്രദായം നടക്കുന്നുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻവേണ്ടി ഇപ്പോൾ 8000 കൃഷിക്കാരെ ട്രെയിൻ ചെയ്യിപ്പിക്കുകയാണ്. അവർക്ക് ക്ലാസ് കൊടുക്കുന്നു. കൃഷി ഉദ്യോഗസ്ഥന്മാർക്കും അതിന്റേതായിട്ടുള്ള ക്ലാസ്സുകൾ കൊടുത്ത് ആ സ്കീമിനുവേണ്ടി നടപടികൾ എടുക്കുന്നുണ്ട്. ഇന്നിപ്പോൾ കേരളത്തിൽ സ്ഥലമുണ്ടോ? എല്ലാവരും വെട്ടി നിരത്തിക്കഴിഞ്ഞു. മറ്റു സംസ്ഥാനങ്ങൾ പോലെയല്ല, മുഴുവൻ വീടാണ്. ഒന്നിച്ച് താമസിക്കുന്നതല്ല, കാസർഗോഡ് മുതൽ പാറശ്ശാല വരെ ഒരു ഗ്രാമമാണ്. അതാണ് ഇന്നത്തെ സ്ഥിതി. അതുകൊണ്ട് സ്ഥലം കുറവാണ്. എന്നാലും കൂടുതൽ പച്ചിലയും മറ്റും വച്ചുപിടിപ്പിക്കാനും പശുക്കളെ വളർത്താനും അതുപോലെയുള്ള ചപ്പുചവറുകൾ വളമാക്കി മാറ്റി ഉപയോഗിക്കുന്നതിനുംവേണ്ടിയുള്ള നടപടികളെടുക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഒരു ചെറിയ തുകയെന്നുള്ള നിലയിൽ ഈ കൊല്ലം അതിന് 2 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുമുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ജൈവകൃഷി പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പക്ഷേ ജൈവവളം വേണ്ടതുപോലെ കിട്ടാനില്ല എന്നതാണ് ഇന്നത്തെ അവസ്ഥ. ഇതും ഒരു കച്ചവടമായി ചില ഏജൻസികളും ചില വ്യക്തികളും ജൈവവളത്തിന്റെ പേരിൽ തട്ടിപ്പു നടത്തുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. ഇന്ന് പരിസര ശുചീകരണത്തിനും അതോടൊപ്പം ഇന്ന് ഈ രംഗത്ത് പ്രവർത്തിക്കാൻ കഴിവുള്ള അംഗൻവാടി വർക്കർ, കുടുംബശ്രീ, അയൽക്കൂട്ടം ഇവരെ Promoters ആയി കണ്ട് ചെറിയ കമ്പോസ്റ്റ് കിറ്റുകൾ അതാത് പ്രദേശത്തുണ്ടാക്കുകയും അതിലൂടെ ജൈവവള നിർമ്മാണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടും അനുയോജ്യമാണ്. അത്തരത്തിൽ ഒരു പദ്ധതി രൂപകല്പന ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ജൈവവളം ഒരു ദിവസംകൊണ്ട് ഉണ്ടാവുകയില്ല. നമ്മൾ പഴയകാലത്ത് ചാണകവും നമ്മുടെ വീട്ടിലെ പച്ചിലയും മുറ്റം തൂക്കുന്ന ഇലയുമൊക്കെ വാരിയാണ് തെങ്ങിന്റെ മൂട്ടിലിടുന്നത്. കാലാന്തരത്തിലാണ് ഇന്നത്തെ നിലയിൽ മറ്റു വളങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത്. ആ വളങ്ങൾ ദീർഘകാലമായി ഉപയോഗിച്ചുവരികയാണ്. ഇപ്പോൾ തെങ്ങിനാണെങ്കിൽ ഒരു വളവും ഉപയോഗിക്കാതെ ഒരു തേങ്ങയുമില്ല. അതാണ് ഇന്നത്തെ സ്ഥിതി. ആ കൃഷിസമ്പ്രദായവും ആരോഗ്യത്തിന് നല്ലതാണെന്നുള്ള നിലയിൽ മാർക്കറ്റിൽ അത് വളരുന്നു. ജൈവകൃഷി ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കിട്ടുന്നു എന്ന് കണ്ടതുകൊണ്ടാണ് ബഡ്ജറ്റിൽ അതിന് പ്രൊവിഷൻ വച്ചത്. ഒറ്റ ദിവസംകൊണ്ട് സാധിക്കത്തക്ക വിധത്തിൽ അല്ല, അങ്ങനെയാണെങ്കിൽ വേറൊന്നും ചെയ്യണ്ടായിരുന്നു. അപ്പോൾ സാവകാശം ഗവൺമെന്റിന്റെ പരിമിതികളുമൊക്കെ വച്ചുകൊണ്ട് ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻവേണ്ടിയുള്ള നടപടികൾ എടുക്കുന്നുണ്ട്. പച്ചില കൂടുതൽ വളർത്തുന്നതിനുവേണ്ടിയുള്ള പ്രോത്സാഹനവും കൊടുക്കാം. ഇന്നത്തെ നിലയിൽ പശുക്കളുടെ ചാണകവും അതുപോലെ ചപ്പുചവറുകളും മറ്റുമൊക്കെ ഉപയോഗിച്ച് വളമാക്കി മാറ്റുന്ന കൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റ് എടുത്തുവരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പാചക വാതക വിതരണ ഏജൻസികൾ നടത്തുന്ന കൃത്രിമം തടയുന്നതിന് നടപടി

4 [* 312] ശ്രീ. കളത്തിൽ അബ്ദുള്ള :
,, കെ. എൻ. എ. ഖാദർ :
,, ടി. പി. എം. സാഹിർ :
,, ഇസ്ഹാക് കുരിക്കൾ :
,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചില പാചക വാതക വിതരണ ഏജൻസികൾ ഗ്യാസ് വിതരണത്തിൽ കൃത്രിമം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഏജൻസികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പാചക വാതക വിതരണത്തിൽ ക്രമക്കേടു കാണിക്കുന്ന ഇത്തരം ഏജൻസികളെ കണ്ടുപിടിക്കുന്നതിനും വിതരണം ക്രമീകരിക്കുന്നതിനും നിയമം നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly